**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1683** **13-02-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾക്ക് ഉന്നത സാങ്കേതിക വിദ്യാഭ്യാസം നൽകുവാൻ പര്യാപ്തമായ രീതിയിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ എൻജിനീയറിങ് കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ സർക്കാർ എഞ്ചിനീയറിങ് കോളേജ് ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.<br><br>സംസ്ഥാനത്ത് പുതുതായി സർക്കാർ എഞ്ചിനീയറിങ് കോളേജുകൾ ആരംഭിക്കുമ്പോൾ മലപ്പുറം ജില്ലയിലും പുതുതായി സർക്കാർ എൻജിനീയറിങ് കോളേജ് അനുവദിയ്ക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. |
| (ബി) | മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതുതായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതുതായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ആദ്യ ഘട്ടം ചെയ്യുന്നതിനായി 6,50,00,000/- രൂപയുടെ ഭരണാനുമതി 10/07/2024 സ.ഉ(സാധാ) നം.825/2024/ഉവിവ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (സി) | മഞ്ചേരി ഗവൺമെൻറ് പോളിടെക്നിക് കോളേജിൽ കോഴ്സുകളുടെയും, കുട്ടികളുടെയും അനുപാതത്തിന് അനുസരിച്ച് അനധ്യാപക-അധ്യാപക തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | മഞ്ചേരി സർക്കാർ പോളിടെക്നിക് കോളേജിൽ AICTE നിശ്ചയിച്ചിട്ടുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പ്രകാരമുള്ള അദ്ധ്യാപക തസ്തികകൾ നിലവിൽ അനുവദിച്ചിട്ടുണ്ട്. പോളിടെക്നിക് കോളേജുകൾക്കായി നിശ്ചയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ലാബ്/ വർക്ക്ഷോപ്പ് തസ്തികകൾ, വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ അധിക തസ്തികകൾ ഉണ്ടെങ്കിൽ അത് ടി സ്ഥാപനത്തിലേക്ക് പുനർവിന്യസിപ്പിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ 2025-26 അധ്യയന വർഷം മുതൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | മഞ്ചേരി സർക്കാർ പോളിടെക്നിക് കോളേജിൽ 2025-26 അക്കാദമിക വർഷം പുതിയ കോഴ്സുകളോ സായാഹ്ന കോഴ്സുകളോ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല. |

| | | | |
|---|---|---|---|
| (ഇ) | മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ഈവനിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഇ) | മഞ്ചേരി സർക്കാർ പോളിടെക്നിക് കോളേജിൽ 2025-26 അക്കാദമിക വർഷം പുതിയ കോഴ്സുകളോ സായാഹ്ന കോഴ്സുകളോ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല. |
| (എഫ്) | മഞ്ചേരി പാണ്ടിക്കാട് അസാപ്പ് സ്കിൽ പാർക്കിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എഫ്) | മഞ്ചേരി നിയോജകമണ്ഡലത്തിലെ പാണ്ടിക്കാട് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ അസാപ് 'ഐ ലൈക്ക് (iLike)' പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിലെ നൂതന തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. പഠിതാക്കൾക്ക് വളരെ ചുരുങ്ങിയ ഫീസിൽ പഠനം പൂർത്തിയാക്കാൻ സാധിക്കുന്ന കോഴ്സുകളാണ് ആരംഭിച്ചിട്ടുള്ളത്. 'ഐ ലൈക്ക്' കോഴ്സുകളിൽ, ജാവ പ്രോഗ്രാമിംഗ്, വെബ് ഡെവലപ്മെന്റ്, മൊബൈൽ ആപ്പ് ഡെവലപ്മെന്റ്, ഡിജിറ്റൽ ഫ്രീലാൻസിംഗ് തുടങ്ങി പന്ത്രണ്ടോളം പുതിയ യുഗ കോഴ്സുകളിലെ പഠിതാക്കൾക്ക് പ്ലേസ്മെന്റ് സഹായവും അസാപ് ഒരുക്കുന്നുണ്ട്.<br><br>വിദ്യാർത്ഥികളുടെ താല്പര്യമനുസരിച്ച് ഏതുസമയത്തും സ്കിൽ പാർക്കിൽ വന്ന് പഠിക്കാൻ തക്കവണ്ണമുള്ള സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. ജൂനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ, പേർസണൽ ട്രെയിനർ, യോഗ ഇൻസ്ട്രക്ടർ, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് തുടങ്ങിയ കോഴ്സുകൾ PMKVY പദ്ധതിയിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായം ഉപയോഗിച്ചും സ്കിൽ പാർക്കിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 2025 ഫെബ്രുവരി മുതൽ എല്ലാ മാസവും പാണ്ടിക്കാട് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രദേശത്തെ തൊഴിലന്വേഷകർക്ക് സൗജന്യമായി ഈ തൊഴിൽ മേളകളിൽ പങ്കെടുക്കാവുന്നതാണ് തൊഴിലന്വേഷകർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നിരവധി കമ്പനികളുമായി, അവരുടെ സിഎസ്ആർ പിന്തുണയ്ക്കായി അസാപ്പ് കേരള സജീവമായി പിന്തുടരുന്നു. നൈപുണ്യ സമ്പാദനത്തിനും പ്ലെയ്സ്മെന്റിനുമുള്ള ഒരു സജീവ കേന്ദ്രമായി സിഎസ്പി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ